License No. 371. Dated 10-10-37.

വൈദ്യസാരഥി.

വാല്യം 12 } 1123 കുംഭം. { ലക്കം 11.

ആയുർവ്വേദൗഷധങ്ങളും ഓഷധികളും.

മലമ്പനി, ശ്വാസംമുട്ടൽ, വില്ലൻചുമ, ജലദോഷം, വയറുകടി മുതലായരോഗങ്ങളെ ഭേദപ്പെടുത്തുന്നവയായ

അഷ്ടവർഗ്ഗം,

കന്മദം, കസ്തൂരി, ഗോരോചന, ഫ്ലാങ്ങ്ഓയിൽ

(അണുകീടനാശകതൈലം).

ഗുണത്തിനും പരിശുദ്ധതയ്ക്കും പൂർണ്ണ ഉത്തരവാദിത്വമുള്ളതു്.

Bhisag Bhusan

Prof:- **K. N. SHARMA, M. Sc., HONS.,**

73, Taybaal, Nepal.

EDITOR:- N. S. MOOSS, (VAYASKARA)

വാർഷികവരിസംഖ്യ രൂ. ൩. ഒററപ്രതിക്ക് അണ 4.

വൈദ്യസാരഥി.

കേരളത്തിലെ
ഏക സംസ്കൃത മലയാള വൈദ്യമാസിക

വാല്യം 12. } 1123 കുംഭം. { ലക്കം 11.

മംഗളം.

—*—

രിപോർജയേ സാരഥിവന്മഹീപതേഃ
സഹായതാം വൈദ്യഗണസ്യ രുഗ്ജയേ
പ്രപദ്യമാനേയമതീവ മാസികാ
സദാ പരം ശുംഭതു വൈദ്യസാരഥിഃ

വൈദ്യൻ, പി. രാമൻമേനോൻ.

സതീർത്ഥ്യസമ്മേളനത്തെക്കുറിച്ചു്.

(ഒരു സരസൻ)

11-ാം വാല്യം 8-ാം ലക്കം വൈദ്യസാരഥിയിൽ "സതീർത്ഥ്യസമ്മേളനം" എന്ന തലക്കെട്ടിൽ സതീർത്ഥ്യസംഘം എഴുതിയിരുന്ന ലേഖനം ഞാനും കണ്ടു. ആ ലേഖനം വായിച്ചപ്പോൾ അതിനെപ്പററി അല്പം എഴുതണമെന്നു് ഞാൻ വിചാരിച്ചിട്ടുണ്ടായിരുന്നു. ഓരോ ബദ്ധപ്പാടുകൾനിമിത്തം ഇതേവരെ അതു് സാധിച്ചില്ല. ശാസ്ത്രാത്ഥത്തെ ഒരാൾ തെററായവിധം ധരിച്ചുകൊണ്ടു് ബാക്കിയുള്ളവരെയും അപ്രകാരംതന്നെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നതു കണ്ടുകൊണ്ടിരിക്കുക എന്നതു് അനുചിതമാകയാലാണു് ഇപ്പോഴെങ്കിലും എഴുതുവാനാരംഭിക്കുന്നതു്

വിദ്യാരംഭദിവസം ശിഷ്യന്മാർ ഗുരുവിൻെറഅടുക്കൽ ചെന്ന് വിദ്യാരംഭം കഴിക്കുക എന്നതു് വേണ്ടതാണ്. അതു് പൂർവ്വന്മാരും ചെയ്യാറുണ്ട്. പക്ഷെ ഗുരുസന്നിധിയിലിരുന്ന് ശിഷ്യന്മാർ പ്രാർത്ഥന, ഉദ്ഘാടനം മുതലായ മീററിങ്ങിൻെറ ചടങ്ങുകൾ നടത്താറില്ല.

"1122 കന്നി 19-ാം നു- വിദ്യാരംഭദിവസമായ വിജയദശമിനാൾ ഗുരുനാഥൻെറ സാന്നിധ്യത്തിൽ പതിവുപോലെ സന്നിഹിതരായിരുന്ന സതീർത്ഥ്യന്മാരുടെ ഒരു സമ്മേളനം ശ്രീമാൻ. ടി. എൻ. നമ്പ്യാർ അഭിപ്രായപ്പെടുകയും ഗുരുനാഥൻ അനുമോദിക്കുകയും ചെയ്തതനുസരിച്ചു് ഉദ്ഘാടനം ചെയ്യപ്പെട്ടു." എന്നാണ് അതിൽ ആദ്യം എഴുതിയിട്ടുള്ളതു്. സാന്നിധ്യം എന്നതിൻെറ അർത്ഥം സമീപസ്ഥിതി എന്നാണെന്നും സതീർത്ഥ്യന്മാർ എന്നതിൻെറ അർത്ഥം സഹപാഠികൾ എന്നാണെന്നും ധരിച്ചിട്ടുള്ളവർ ഗുരുനാഥൻെറ സന്നിധിയിൽ സന്നിഹിതരായിരുന്ന ശിഷ്യന്മാരുടെ എന്നല്ലാതെ എഴുതുമെന്നു് തോന്നുന്നില്ല. സതീർത്ഥ്യന്മാർ എന്ന വാക്കിനു് ഗുരുനാഥൻെറ എന്നവാക്കിനോടു് സംബന്ധമുണ്ടാകയാൽ ഗുരുനാഥൻെറ സഹപാഠികളുടെ ഒരു സമ്മേളനം ശ്രീമാൻ. ടി. എൻ. നമ്പ്യാർ അഭിപ്രായപ്പെടുകയും ഗുരുനാഥൻ അനുമോദിക്കുകയും ചെയ്തതനുസരിച്ചു് ഉദ്ഘാടനം ചെയ്യപ്പെട്ടു എന്നാണ് ആ വാക്കുകളിൽനിന്നും ധരിക്കാനിടവന്നിട്ടുള്ളതു്. ഗുരുനാഥൻെറ ശിഷ്യന്മാരുടെ എന്നുള്ള അർത്ഥം ആ വാക്കുകളിൽനിന്നും ധരിക്കാനിടവരുന്നതല്ല.

"വൈദ്യന്മാരുടെ ശ്രദ്ധയ്ക്കുവേണ്ടി ഗുരുനാഥൻ താഴെ പ്പറയുന്ന നിർദ്ദേശങ്ങൾ നൽകി.

1) അവിചാരിതങ്ങളായി നേരിടാവുന്ന മുറിവു്, തീപ്പൊള്ളൽ മുതലായ അത്യാഹിതങ്ങളിൽ സിദ്ധഫലങ്ങളായ നുഭവപ്പെടുന്നതും ശാസ്ത്രങ്ങളിൽ അങ്ങിങ്ങു് ചിന്നിച്ചിതറിക്കിടക്കുന്നവയുമായ ലഘുചികിത്സാക്രമങ്ങളെക്കുറിച്ചു് കുറിപ്പുകൾ എഴുതുക" എന്നും അതിൽ എഴുതിക്കാണുന്നുണ്ടു്.

“അത്യാഹിതം മഹാഭീതിഃ കൎമ്മജീവാനപേക്ഷിച” എന്ന കോശത്തിന്റെ അൎത്ഥം ധരിച്ചിട്ടുള്ളവൎക്ക് മുറിവ്, തീപ്പൊള്ളൽ മുതലായവ അത്യാഹിതങ്ങളല്ലെന്നു് മനസ്സിലാവുന്നതാണു്.

അനന്തരം “ധൎമ്മ്യം യശസ്യം..........ഏകാന്തനിൎമ്മലം” എന്ന ശ്ലോകത്തിൽ അനന്തരമാദാമഹം ബ്രഹ്മചര്യം എന്നദിക്കിൽ അബ്രഹ്മചര്യം എന്നു് പാഠം മുറിക്കുന്നതായിരിക്കും അധികം യുക്തിയുക്തമെന്നു് സാമാന്യപരിച്ഛയ്ക്കുശേഷം ഗുരുനാഥൻ അഭിപ്രായപ്പെട്ടു” എന്നും എഴുതിയിട്ടുണ്ടു്. പക്ഷെ ആ പദ്യത്തിൽകാണുന്ന ബ്രഹ്മചര്യം എന്നപദത്തെ അബ്രഹ്മചര്യം എന്നു് മുറിക്കുവാൻ വക്താവിനു് ഇച്ഛയുണ്ടോ എന്നാണു് ആദ്യംതന്നെ ചിന്തിക്കേണ്ടതു്. വക്താവിന്റെ ഇച്ഛ ബ്രഹ്മചര്യം എന്നുതന്നെ മുറിക്കണമെന്നാണെന്നു് “ദാനശീലദയാസത്യബ്രഹ്മചര്യകൃതജ്ഞതാഃ. രസായനാനി മൈത്രീച പുണ്യായുൎവൃദ്ധികൃൽഗണഃ” എന്നു് അദ്ദേഹംതന്നെ ശാരീരസ്ഥാനത്തിൽ പറഞ്ഞിരിക്കുന്നതു് നോക്കിയാലറിയാം. വാജീകരണാദ്ധ്യായത്തിലെ ആ ശ്ലോകംകൊണ്ടു് ബ്രഹ്മചര്യം ധാൎമ്മ്യമാണെന്നും ആയുഷ്യമാണെന്നും അദ്ദേഹം വ്യക്തമാക്കിയിട്ടുണ്ടല്ലോ. അവിടെ ധൎമ്മ്യശബ്ദംകൊണ്ടും ആയുഷ്യശബ്ദംകൊണ്ടും പ്രതിപാദിതങ്ങളായ അൎത്ഥങ്ങളെ ഇവിടെ “പുണ്യായുൎവൃദ്ധിദാഃ” എന്നശബ്ദംകൊണ്ടാണു് പ്രതിപാദിച്ചിരിക്കുന്നതെന്നൊരു വിശേഷംമാത്രമേ ധരിക്കേണ്ടതുള്ളു.

അബ്രഹ്മചര്യമല്ല ആയുഷ്യമായിട്ടുള്ളതു് ബ്രഹ്മചര്യംതന്നെയാണെന്നാണു് സംഗ്രഹകാരന്റെയും അഭിപ്രായമെന്നു് “ബ്രഹ്മചര്യമായുഷ്യാണാം” എന്നും “ബ്രഹ്മചര്യംദയാദാനം സദാചാരരതിഃശമഃ. സദ്ധൎമ്മഃ സല്ക്കഥാപൂജാദേവൎഷീണാം ജിതാത്മനാം. ദേശാനാമവിപന്നാനാം സാധൂനാം ച നിഷേവണം. ദൈവവ്യപാശ്രയം ചേഷ്ടം കൎമ്മജീവിതരക്ഷണം” എന്നും അദ്ദേഹം പഠിച്ചിരിക്കുന്നതു് നോക്കിയാലറിയാം.

ഇത്രയും പറഞ്ഞതിൽനിന്നും വാജീകരണാദ്ധ്യായത്തിലെ ആ ശ്ലോകത്തിൽകാണുന്ന ബ്രഹ്മചര്യം എന്ന പദത്തെ അബ്രഹ്മചര്യം എന്നു് മറിക്കുന്നതായിരിക്കും അധികം യുക്തിയുക്തം എന്നു് ഗുരുനാഥൻ അഭിപ്രായപ്പെട്ടതു് ആലോചനയില്ലാഴ്കകൊണ്ടാണെന്നു് വ്യക്തമായല്ലോ. "ആയുസ്തേജോബലം വീര്യം പ്രജ്ഞാശ്രീശ്ചമഹദ്യശഃ. പുണ്യം ച സൽപ്രിയത്വം ച വർദ്ധതെ ബ്രഹ്മചര്യയാ" എന്നുള്ള മഹദ്വചനവും ഗുരുനാഥൻ കണ്ടിട്ടില്ലായിരിക്കും.

"ഗുണങ്ങളായ ശീതോഷ്ണങ്ങൾതന്നെയാണു് വീര്യങ്ങളായുപദേശിക്കപ്പെട്ടിരിക്കുന്നതു് എന്നും ഗുണങ്ങളെല്ലാംതന്നെ കാര്യാനുമേയങ്ങളാണെന്നും വിശിഷ്ടേന്ദ്രിയഗ്രാഹിതമല്ല ഗുണവിഭജനത്തിലെ ധർമ്മമെന്നും ഒരു സംശയത്തിനു് സമാധാനമായി ഗുരുനാഥൻ സയുക്തികം സ്ഥാപിച്ചു" എന്നും അതിൽഎഴുതിയിട്ടുണ്ടു്. ഇവിടെ "ഒരു സംശയത്തിനു സമാധാനമായി" എന്നെഴുതിയിട്ടുള്ളതു് 11-ാം വാല്യം 3-ാം ലക്കം സാരഥിയിൽ എഴുതിയിട്ടുള്ള സംശയത്തിനു് സമാധാനമായി എന്നാണു് ആ എഴുതിയ ആൾ ഉദ്ദേശിച്ചിരിക്കുന്നതു്. ആ സംശയത്തിനാണു് മേൽപ്രകാരം സമാധാനം പറഞ്ഞിരിക്കുന്നതെന്നു് ആ സംശയലേഖനം വായിച്ചിട്ടുള്ള വൈദ്യന്മാക്കറിയാവുന്നതാണു്. എന്നാൽ സംശയത്തേപ്പറ്റി ജിജ്ഞാസു താഴെ പറയുംപ്രകാരമാണു് എഴുതിയിട്ടുള്ളതു്.

" 1. ശീതം, ഉഷ്ണം എന്നു രണ്ടെണ്ണം ഗുണങ്ങളിൽ പഠിയ്ക്കപ്പെട്ടിട്ടുണ്ടു്. അവയ്ക്കുതന്നെയാണോ വീര്യസംജ്ഞ? ശീതവീര്യവും ശീതഗുണവും ഒന്നുതന്നെയാണെങ്കിൽ സ്പർശത്തിൽ—ലേപനാദികളിൽ ഫലംകൊണ്ടു—ശീതമായ തിലാം മുതലായവ ഉഷ്ണവീര്യങ്ങളാണെല്ലോ. ശീതഗുണം സ്പർശംകൊണ്ടു് അറിയാവുന്നതല്ലെങ്കിൽ സ്പർശത്തിൽ അനുഭവപ്പെടുന്ന ശീതം ഏതു ഗുണത്തിലാണു് അന്തർഭവിച്ചിരിക്കുന്നതു്. അനുഭൂതമായ ഏതുഗുണവും ഗുർവ്വാദി ഇരുപതുഗുണങ്ങളിൽ

യഥായഥം അന്തർഭവിക്കുമെന്നല്ലെ ശാസ്ത്രസിദ്ധാന്തം? ഒരേ ശബ്ദംകൊണ്ട് ഒന്നിലധികം പദാത്ഥങ്ങളേക്കുറിക്കുന്നതു് ശാസ്ത്രത്തിലസാധാരണമല്ലല്ലോ "എന്നാണു് ജിജ്ഞാസു ആദ്യം എഴുതിയിട്ടുള്ള സംശയം".

ഇപ്രകാരം എഴുതിയിട്ടുള്ള സംശയം തീരുവാൻ ഗുരുനാഥൻ എഴുതിട്ടുള്ള സമാധാനം മതിയാവുമെന്നു് വിചാരിച്ച ഗുരുനാഥനു് എത്രമാത്രം ബുദ്ധിയുണ്ടെന്നു് ബുദ്ധിമാന്മാരായ വൈദ്യന്മാർ ആലോചിച്ചുകൊള്ളട്ടെ.

ഗുണങ്ങൾ പ്രത്യക്ഷവിഷയങ്ങളോ കായ്യാനുമേയങ്ങളോ എന്നു് സംശയിച്ചിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു് അതു് സംശയനിവത്തിക്കുപയോഗമില്ലാത്തതായ ഒരു വാക്കാണെന്നു് പറയേണ്ടതില്ലല്ലോ. "വിശിഷ്ടേന്ദ്രിയഗ്രാഹിതപമല്ല ഗുണവിഭജനത്തിലെ ധമ്മം" എന്നെഴുതിയിട്ടുള്ളതും സംശയത്തിൻെറ സമാധാനമല്ല. വിശിഷ്ടേന്ദ്രിയഗ്രാഹിതപമാണോ? ഗുണവിഭജനത്തിലെധമ്മം എന്നാരും സംശയം ഒരു മാസികയിലെങ്കിലും എഴുതിക്കണ്ടില്ല.

[ഞങ്ങളുടെ പൂജ്യഗുരുപാദരായ വൈദ്യസാവ്വഭൗമൻ ശ്രീ. പി. വാസുദേവൻനമ്പീശനവർകളുടെ വിദ്യാവിതരണത്തിലുള്ള നിരതയും തീഷ്ണതയും അന്യത്ര അസുലഭമാണു്. ഏതൊരു പണ്ഡിതനും അസൂയ ഉളവാക്കത്തക്കവണ്ണം ഉള്ളതാണു് അദ്ദേഹത്തിൻെറ ശിഷ്യസമ്പത്തു്. ഇന്നു കേരളത്തിൻെറ വിശേഷിച്ചു് കൊച്ചിയുടെ നാനാഭാഗങ്ങളിൽ പ്രശസ്തമായി സേവനമനുഷ്ഠിച്ചുവരുന്ന അദ്ദേഹത്തിൻെറ ശിഷ്യന്മാർ വിദ്യാരംഭദിനമായ വിജയദശമിനാൾ ഗുരുകുലത്തിൽ സമ്മേളിച്ചു് തങ്ങളുടെ ഭക്തിബഹുമാനങ്ങളെ പ്രകടിപ്പിക്കുക പതിവാണു്. ശിഷ്യന്മാരുടെ അഭിവൃദ്ധിയിൽ സദാ ദത്താവധാനനായ അദ്ദേഹത്തിൻെറ വാത്സല്യത്തിൻെറ പ്രത്യക്ഷചിഹ്നമാണു് സതീത്ഥ്യസമ്മേളനം. അദ്ദേഹത്തിൻെറ പാദമൂലത്തിലിരുന്നു വിദ്യ അഭ്യസിക്കുക എന്ന ഭാഗധേയം അസൂയാഹ്വമാണു്) എന്നും അതിൽ എഴുതിയിട്ടുണ്ടു്.

ശ്രീ. പി. വാസുദേവൻനമ്പീശന്ന് വൈദ്യസാമ്രാട്ട് മൻ എന്നപേരു് മഹാരാജാവുതിരുമനസ്സിൽനിന്നും സിദ്ധിച്ചതായി ഇതേവരെ കേട്ടിട്ടില്ല. സതീർത്ഥ്യസംഘത്തിൽനിന്നും സിദ്ധിച്ചതായിരിയ്ക്കാമെന്നാണു് ഞാൻ വിചാരിക്കുന്നതു്. പക്ഷെ അദ്ദേഹം ആ പേരിന്നു് അർഹനാണോ എന്നു് ഞാൻ ഈ എഴുതിയ ലേഖനവും ശ്രീ. നമ്പീശൻ 3-ാംവാല്യം 6-ാംലക്കം സാരഥിയിൽ "പ്രമേഹരോഗം" എന്നതലക്കെട്ടിൽ എഴുതിയിരുന്ന ലേഖനവും 4-ാംവാല്യം 5-ാംലക്കം സാരഥിയിൽ എൻ. അനന്തൻഎമ്പ്രാന്തിരി അവർകൾ "അഷ്ടാംഗഹൃദയത്തിലെ രോഗനിർവചനത്തെപ്പററി" എന്നതലക്കെട്ടിൽ എഴുതിരുന്നലേഖനവും നോക്കി വിദ്വാന്മാർ തീർച്ചപ്പെടുത്തേണ്ടതാണു്. "ശ്രീ. വാസുദേവൻനമ്പീശൻ അവർകളുടെ വിദ്യാവിതരണത്തിലുള്ള നിരതതയും തീക്ഷ്ണതയും അന്യത്ര അസുലഭമാണു്" എന്നു് അതിൽ എഴുതിയിട്ടുള്ളതു് ശരിതന്നെയാണു്. ശ്രീ. നമ്പീശന്റെ വിദ്യാവിതരണനിരതതയും തീക്ഷ്ണതയും അദ്ദേഹത്തിലല്ലാതെ മററൊരാളിൽ ഉണ്ടാകുന്നതല്ലെന്നു് പറയാതെ തന്നെ ഏവർക്കും മനസ്സിലാവുന്നതാണു്. അദ്ദേഹത്തിനുള്ള വിദ്യാവിതരണനിരതതപോലെയുള്ള വിദ്യാവിതരണനിരതതയും തീക്ഷ്ണതയും അന്യത്ര അസുലഭമല്ലെന്നു് വിദ്വാന്മാക്കറിയാവുന്നതുമാണു്. 'അസൂയാതുദോഷാരോപോഗുണേഷ്വപി', എന്ന കോശത്തിന്റെ അർത്ഥം മനസ്സിലായിട്ടുണ്ടായിരുന്നെങ്കിൽ ആ സതീർത്ഥ്യസംഘം "ഏതൊരു പണ്ഡിതനും അസൂയ ഉളവാക്കത്തക്കവണ്ണം ഉള്ളതാണു് അദ്ദേഹത്തിന്റെ ശിഷ്യസമ്പത്തു്" എന്നെഴുതുമെന്നു് തോന്നുന്നില്ല. "കൊച്ചിയുടെ നാനാഭാഗങ്ങളിൽ സേവനമനുഷ്ഠിച്ചുവരുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാർ" എന്നു് അതിൽ എഴുതിക്കാണുന്നതിന്റെ അർത്ഥം മനസ്സിലാവുന്നില്ല വല്ലവരേയും സേവിച്ചുവരുന്ന അദ്ദേഹത്തിന്റെ ശിഷ്യന്മാർ എന്നായിരിക്കാം ആ വാക്കിന്റെ അർത്ഥമെന്നുകരുതുന്നു. ഭക്തിഎന്നതു്

ബഹുമാനപൂർവ്വകമായ സ്നേഹമാകയാൽ 'ഭക്തിബഹുമാനങ്ങളെ' എന്നതിൽ എഴുതിയിട്ടുള്ളതിലെ ബഹുമാനശബ്ദം അവിടെ ആവശ്യമില്ലെന്നു സാഹിത്യസംഘത്തിനു മനസ്സിലായിട്ടില്ല. 'അദ്ദേഹത്തിന്റെ പാദമൂലത്തിലിരുന്നു് വിദ്യ അഭ്യസിക്കുകഎന്ന ഭാഗധേയം അസൂയാർഹവുമാണു്'" എന്നു് അതിൽ എഴുതിയിട്ടുള്ളതു് ശരിയല്ല. വിദ്യ അഭ്യസിക്കുക എന്ന ക്രിയ ഭാഗധേയജന്യമാണെന്നല്ലാതെ ഭാഗധേയമല്ല. പാദമൂലമെന്നതു് കാലുകളുടെ അടിയാണെല്ലോ. ഗുരുവിന്റെ പാദമൂലത്തിലിരുന്നു് വിദ്യ അഭ്യസിക്കുക ആരും ചെയ്യാറില്ല. അതു് ഭാഗധേയജന്യവുമല്ല. ഗുരുവിന്റെ കാലുകളുടെ അടിയിന്മേൽ ഇരുന്നു് വിദ്യ അഭ്യസിക്കുവാൻ തോന്നുന്നതും അപ്രകാരം ചെയ്യുന്നതും അനിഷ്ടാദൃഷ്ടംകൊണ്ടാണെന്നു് പറയേണ്ടതില്ലല്ലോ. "അസൂയാർഹവുമാണു്'" എന്നെഴുതിയിട്ടുള്ളതു് അസൂയാശബ്ദത്തിന്റെ അർത്ഥമറിയായ്കകൊണ്ടുതന്നെയാണു്.

ശ്രീ. വാസുദേവൻനമ്പീശൻ 3 ാംവാല്യം 6-ാംലക്കം വൈദ്യസാരഥിയിൽ "പ്രമേഹരോഗം" എന്ന തലക്കെട്ടിൽ എഴുതിയിരിക്കുന്ന ലേഖനവും മനസ്സിരുത്തി വായിക്കേണ്ടതാണു്. ഓജസ്സ് അഷ്ടബിന്ദു മാത്രമാണെന്നാണു് അതിൽ പറഞ്ഞിരിക്കുന്നതു്. അപ്രകാരം ഒരു വൈദ്യതന്ത്രങ്ങളിലും പറഞ്ഞുകാണുന്നില്ലെന്നല്ല ഓരോരുത്തരുടേയും ഓജസ്സ് അവരവരുടെ പ്രസൃതപ്രമാണമാണെന്നു് വൈദ്യതന്ത്രകാരന്മാർ പറഞ്ഞുകാണുന്നതുമുണ്ടു്. അതുകൊണ്ടു് വൈദ്യസാർവ്വഭൗമൻ അപ്രകാരം പറഞ്ഞതു് സാഹസമായി എന്നു പറയാതെ നിവൃത്തിയില്ല. ചില പാമരന്മാർ സാരാത്മകമായിട്ടും കിട്ടാത്മകമായിട്ടും ഓജസ്സുണ്ടെന്നു് പറയുന്നുണ്ടു്. അതു ശരിയല്ല. രണ്ടുതരം ഓജസ്സുകളുണ്ടെങ്കിൽ വൈദ്യതന്ത്രകാരന്മാർ അവ രണ്ടിന്റേയും മാനങ്ങളെ പറയാൻ സംഗതിയുണ്ടല്ലോ.

ശക്തരൂപമായ കിട്ടം ദേഹത്തെ നേരെ നിൎത്തുന്നതാണെന്നു ശ്രീ. നമ്പീശൻ പറഞ്ഞിട്ടുള്ളതു് "അവഷ്ടംഭഃ പുരീഷസ്യ" എന്ന വചനത്തിലെ അവഷ്ടംഭശബ്ദത്തിന്റെ അൎത്ഥം മനസ്സിലാവാഞ്ഞുകൊണ്ടുതന്നെയാണു്. അവഷ്ടംഭം എന്നതു് ബലപ്പെടുത്തുക എന്ന ക്രിയയാണെന്നു "അവഷ്ടബ്ധഃ സ ശക്തോ കേവലം വൎത്തതേക്ഷിതി" എന്നും മററുമുള്ള പ്രയോഗങ്ങൾ നോക്കിയാലറിയാവുന്നതാണു്. ദേഹത്തെ നേരെ നിൎത്തുക [വളയാതെനിൎത്തുക] അസ്ഥിയുടെ കൎമ്മമാണെന്നു് ശ്രീ. നമ്പീശൻ ധരിച്ചുകൊള്ളട്ടെ.

"അവയിൽവെച്ചു് മൂത്രം ശകൃത്തെന്നപോലെ എപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നതാകയാൽ എപ്പോഴാണോ യഥോക്തമായ പ്രമാണത്തിൽനിന്നു് അധികമായിത്തീരുന്നതു അപ്പോൾ മലമായിത്തീൎന്നു് അതിന്റെ ആശയമായ വസ്തിയേ............ പ്രാപിച്ചു" എന്നും മററും ശ്രീ. നമ്പീശൻ എഴുതീട്ടുള്ളതിലെ "എപ്പോഴാണോ യഥോക്തമായപ്രമാണത്തിൽനിന്നു് അധികമായിത്തീരുന്നതു് അപ്പോൾ മലമായിത്തീൎന്നു" എന്ന ഭാഗം ശരിയല്ല. മൂത്രം യഥോക്തപ്രമാണമായിരിക്കുമ്പോഴും അധികമായിത്തീരുമ്പോഴും അല്പമായിത്തീരുമ്പോഴും മലംതന്നെയാണു്. മലസംജ്ഞയല്ലാതെ സാരസംജ്ഞ മൂത്രത്തിനില്ലെന്നു് "മലാമൂത്രശകൃത്സ്വേദാദയോƒപിച" എന്ന വാക്യം നോക്കിയാലറിയാം. "പുറത്തേയ്ക്കുപോകുന്ന മലാത്മകമായ മൂത്രത്തിന്റെയോ" എന്നു് മുൻ എഴുതിയതിന്റെ താഴെയും അദ്ദേഹം എഴുതിയിട്ടുള്ളതും വായനക്കാരായ വൈദ്യന്മാർ നോക്കേണ്ടതാണു്.

ശ്രീ. നമ്പീശൻ "ഈ മൂത്രം ശരിയായ ഒരു ഉത്തമമനുഷ്യനു നാലു് അഞ്ജലി (ഒരിടങ്ങഴി) മാത്രം ഉണ്ടായിരിക്കും. സ്വാസ്ഥ്യാവസ്ഥയിൽ എന്നാണു് ആചാൎയ്യന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു്" എന്നു പറഞ്ഞിട്ടു് "ദിവസംതോറും പുറത്തേയ്ക്കുപോകുന്നതിന്റെ അളവും ഇതുതന്നെയായിരിക്കാനാണു് യുക്തി കാണുന്നതു്" എന്നും പറഞ്ഞിട്ടുണ്ടു്.

മൂത്രളങ്ങളായ പദാത്ഥങ്ങളെ ഭക്ഷിച്ചാൽ മൂത്രം അധികമായി പോകുന്നതും അല്പമൂത്രങ്ങളായ പദാത്ഥങ്ങളെ ഭക്ഷിച്ചാൽ മൂത്രം അല്പമായി പോകുന്നതും അനുഭവസിദ്ധമാകയാൽ ദിവസംതോറും പുറത്തേയ്ക്കുപോകുന്ന മൂത്രത്തിന്റെ അളവു് തിർച്ചപ്പെടുത്താവുന്നതല്ലെന്നു് അദ്ദേഹം ധരിയ്ക്കാഞ്ഞതിൽ ആശ്ചര്യം തോന്നുന്നു.

"മൂത്രം ജലാത്മകമായ വസ്തുവാകയാൽ ദ്രവദ്രവ്യത്തിനു വിശേഷിച്ചും മൂത്രത്തെ ജനിപ്പിക്കുവാനുള്ള സാമത്ഥ്യമുണ്ടു്" എന്നെഴുതിയിരിക്കുന്ന ശ്രീ. നമ്പീശൻതന്നെ "താപംകൊണ്ടു മററു പദാർത്ഥങ്ങളെ ദ്രവിപ്പിക്കുവാനുള്ള ശക്തി അഗ്നിക്കു് (ശാസ്ത്രഭാഷയിൽ തേജസ്സിന്നു്) ഉള്ളതുകൊണ്ടു് ആഗ്നേയ പദാത്ഥങ്ങളും വിശേഷേണ മൂത്രജനകങ്ങൾതന്നെയാണു്" എന്നും എഴുതിയിട്ടുണ്ടു്. ആഗ്നേയപദാത്ഥങ്ങൾ ഉഷ്ണങ്ങളാകയാൽ ഉഷ്ണപദാത്ഥങ്ങൾ വിശേഷേണ മൂത്രജനകങ്ങളാണെന്നാണു് ശ്രീ. നമ്പീശന്റെ അഭിപ്രായമെന്നു വ്യക്തമായല്ലോ. ശീതപദാത്ഥങ്ങൾ മൂത്രജനകങ്ങളാണെന്നു് വാഗ്ഭടാചാൎയ്യരും പറഞ്ഞിട്ടുണ്ടല്ലോ. ഉഷ്ണങ്ങളോ ശീതങ്ങളോ അല്ലാതെ ഒരു പദാത്ഥങ്ങളും ലോകത്തിലില്ലതാനും. ഈ സ്ഥിതിക്കു് ലോകത്തിലുള്ള സകല പദാത്ഥങ്ങളും പ്രമേഹജനകങ്ങളാണെന്നും പ്രമേഹശമനങ്ങളായിട്ടു് ലോകത്തിൽ ഒരു പദാർത്ഥവും ഇല്ലെന്നും ശ്രീ. നമ്പീശൻ സമ്മതിക്കേണ്ടിവന്നിരിക്കുന്നു. "ശീതളം" പ്രമേഹജനകമാണെന്നല്ലാതെ "ഉഷ്ണം" പ്രമേഹജനകമാണെന്നു് വാഗ്ഭടാചാൎയ്യർ പറഞ്ഞിട്ടില്ല. അതുകൊണ്ടു് ഉഷ്ണവും പ്രമേഹജനകമാണെന്നു് ശ്രീ. നമ്പീശൻ ആലോചനകൂടാതെ പറഞ്ഞിട്ടുള്ളതാണെന്നാണു് വായനക്കാർ ധരിക്കേണ്ടതു്. "അഗ്നിക്കുതന്നെ മൂത്രത്തെ ക്ഷയിപ്പിക്കുവാനുള്ള ശക്തിയും സിദ്ധമാകുന്നു" എന്നു് ശ്രീ. നമ്പീശൻതന്നെ താഴെ പറഞ്ഞിരിക്കുന്നതു് നോക്കിയാലും അദ്ദേഹം ആദ്യം ആഗ്നേയപദാത്ഥങ്ങളും മൂത്രജനകങ്ങളാണെന്നു് ആലോചനകൂടാതെ പറഞ്ഞിട്ടുള്ളതാണെന്നു് വായനക്കാൎക്കു് ധരിക്കാവുന്നതാണല്ലോ.

"ക്ഷരണാ [സ്രവണാ]ൎത്ഥകമായ 'മിഹ' എന്നുള്ള ധാതുവിൽനിന്നു്, ഘഞ്, പ്രത്യയത്തോടുകൂട്ടുമ്പോൾ ഉണ്ടാകുന്നതാകുന്ന മേഹഃ, എന്ന ഈ രൂപം" എന്നു് പറഞ്ഞിരിക്കുന്ന ശ്രീ. നമ്പീശനു് ആ വാക്കുകൾക്കു് പരസ്പരസംബന്ധമില്ലെന്നു് മനസ്സിലാവാഞ്ഞതിൽ അത്ഭുതം തോന്നുന്നു. ക്ഷരണാൎത്ഥകമായ മിഹധാതുവിൽനിന്നും ഘഞ് പ്രത്യയാന്തമായി സിദ്ധിക്കുന്നതാണു് മേഹഃ എന്ന രൂപമെങ്കിൽ മേഹരോഗം എന്നതു ഒലിപ്പിക്കുന്നതായ ഒരു രോഗമാണെന്നല്ലാതെ മൂത്രിപ്പിക്കുന്ന രോഗമാണെന്നു വരുന്നതല്ല അതുകൊണ്ടു് 'മേഹതിമൂത്രയതേഽനേന മേഹഃ' എന്നിങ്ങനെ മഹേശ്വരൻ പ്രദൎശിപ്പിച്ചതായ വ്യുല്പത്തിയാണു് മേഹശബ്ദത്തിനു് ചേച്ചയായിട്ടുള്ളതെന്നു് പണ്ഡിതന്മാൎക്കറിയാം. "പ്ര" എന്ന ഉപസൎഗ്ഗം ചേരുമ്പോൾ അതു് മൂത്രാതിപ്രവൃത്തിദ്യോതകമായിത്തീരുന്നതുമാണു്.

4-ാംവാല്യം 5-ാംലക്കം സാരഥിയിൽ "അഷ്ടാംഗഹൃദയത്തിലെ രോഗനിൎവ്വചനത്തേപ്പററി" എന്ന തലക്കെട്ടിൽ എൻ. അനന്തൻ എമ്പ്രാന്തിരിഅവൎകൾ ശ്രീ. നമ്പീശൻെറ ഒരു പ്രസംഗത്തേക്കുറിച്ചു എഴുതിയിട്ടുള്ള ലേഖനവും വൈദ്യന്മാർ മനസ്സിരുത്തി വായിയ്ക്കേണ്ടതാണു്. ശ്രീ. എമ്പ്രാന്തിരി താഴെ പറയുംപ്രകാരമാണു് എഴുതിയിട്ടുള്ളതു്.

'കഴിഞ്ഞമാസത്തിൽ തൃശ്ശൂർ രാമവൎമ്മ സെൻട്രൽ ആയുൎവ്വേദാസ്പത്രിയിൽവച്ചു നടത്തിയ ആയുൎവ്വേദവൈദ്യസമ്മേളനത്തിൽ ശ്രീമാൻ പി. വാസുദേവൻ നമ്പീശൻ "രോഗസ്തു ദോഷവൈഷമ്യം" എന്ന അഷ്ടാംഗഹൃദയത്തിലെ രോഗനിൎവ്വചനം ശരിയാണെന്നു് ചില ന്യായങ്ങളെ ആസ്പദമാക്കി പ്രസംഗിയ്ക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ആ പ്രസംഗത്തിൽനിന്നു് എനിക്കു് ടി പ്രയോഗം ശരിയാണെന്നു് തോന്നാനിടവന്നില്ലെന്നുതന്നെയല്ല വേറെ ചില സംശയങ്ങളും കൂടി ഉണ്ടാവുകയുംചെയ്തു. അവയെ താഴെ വിവരിക്കാം.

പ്രസ്തുതവചനത്തെ ഉപപന്നമാക്കുന്നതിന്ന രണ്ടു മാൎഗ്ഗങ്ങളാണു് അദ്ദേഹം ഉപന്യസിച്ചതു്. അവയിൽ ഒന്നു് രോഗം യഥാൎത്ഥത്തിൽ ദോഷവൈഷമ്യജന്യമാണെങ്കിലും കാരണത്തിൽ കാൎയ്യോപചാരം ചെയ്യാമെന്നുള്ള അഭിപ്രായം നിമിത്തമാണു് തന്ത്രകാരൻ 'രോഗസ്തു ദോഷവൈഷമ്യം' എന്നു് പഠിച്ചതു്. "ത്രിദോഷസ്ത്വപപാടലഃ' ഇത്യാദിയായി കാരണത്തിൽ കാൎയ്യോപചാരംചെയ്തുകൊണ്ടുള്ള പ്രയോഗങ്ങൾ ധാരാളമുണ്ടെന്നുള്ളതു് ശരിതന്നെ. എന്നാൽ പ്രകൃതത്തിൽ പൂൎവ്വം രോഗജ്ഞാനമില്ലാത്ത ശിഷ്യൻ രോഗത്തെക്കുറിച്ചുള്ള ആചാൎയ്യന്റെ ആദ്യനിൎവ്വചനമായ "രോഗസ്തുദോഷവൈഷമ്യം" എന്ന വചനത്തിൽനിന്നും ദോഷവൈഷമ്യം തന്നെയാണു് രോഗമെന്നു ധരിക്കുന്നതല്ലാതെ കാൎയ്യകാരണങ്ങൾക്കു് അഭേദം കല്പിച്ചുകൊണ്ടുള്ള പ്രയോഗമാണിതെന്നു് ധരിക്കയില്ല. "ത്രിദോഷസ്ത്വപപാടലഃ" എന്ന പ്രയോഗത്തിൽനിന്നു് ശിഷ്യനു ത്രിദോഷവും പാടലവും ഒന്നാണെന്നുള്ള ബോധമല്ല ഉണ്ടാകുന്നതു്. അതിനുകാരണം ആചാൎയ്യവചനത്തിൽനിന്നു് പൂൎവ്വം ശിഷ്യനുണ്ടായിട്ടുള്ള ദോഷജ്ഞാനവും പ്രകൃതംകൊണ്ടു് പാടലം എന്നതു് ഒരു ധാന്യമാണെന്നുള്ള ജ്ഞാനവുമാണു്.

രണ്ടാമത്തേതു് കാൎയ്യമെന്നതു് സമവായികാരണം തന്നെയാകയാൽ ദോഷവൈഷമ്യം തന്നെയാണു് രോഗമെന്നു് പറയാമെന്നുള്ളതാണു്. പൊട്ടാസ്സും മനയോലയും തമ്മിൽ ചേരുമ്പോൾ തീയു് എന്ന അന്യമായ ഒരു പദാൎത്ഥമുണ്ടാകുന്നു. ഇവിടെ തീയിന്റെ നിമിത്തകാരണത്വമല്ലാതെ പൊട്ടാസിനും മനയോലയ്ക്കും സമമായി കാരണത്വമില്ല. അതുപോലെ ദോഷദൂഷ്യങ്ങളുടെ സംയോഗഭേദങ്ങൾ ഹേതുവായിട്ടു് ജ്വരാദികളായ പലവിധത്തിലുള്ള രോഗങ്ങളും ഉണ്ടാകുന്നു എന്നു് പറയാനേ യുക്തിയുള്ളു. അഥവാ ദോഷങ്ങൾ രോഗങ്ങളുടെ സമവായികാരണത്വങ്ങളാണെന്നു വന്നാൽ തന്നെ സമവായികാരണജ്ഞാനംകൊണ്ടു് കാൎയ്യജ്ഞാനമുണ്ടാകുന്നതല്ല. കടകം എന്നതെന്താണു്? അംഗുലീയകം എന്നതെന്താണു്? എന്നുള്ള ചോദ്യത്തിന്നു് സ്വൎണ്ണം

എന്നിങ്ങനെ അവയുടെ സമവായികാരണത്തെപ്പറഞ്ഞാൽ ചോദ്യകർത്താവിനു കടകാംഗുലീയകങ്ങളുടെ വിശേഷജ്ഞാനം ഉണ്ടാകുന്നതല്ലല്ലോ. രോഗത്തെപ്പോലെ പ്രകൃതിയും ദോഷവൈഷമ്യജന്യമാണു്. അതുകൊണ്ടു് രോഗപ്രകൃതികളുടെ സമവായി കാരണമായ ദോഷവൈഷമ്യത്തെ ഉപന്യസിച്ചാൽ അതുകളുടെ വിശേഷജ്ഞാനമുണ്ടാകുമെന്നു് വിചാരിപ്പാൻ നിവൃത്തിയില്ല. അത്രതന്നെയല്ല കാരണംതന്നെയാണു് കാര്യമെന്നു് പറയുന്നപക്ഷം കാരണാതിരിക്തമായി കാര്യമെന്നൊന്നിനെ കല്പിച്ചിട്ടുതന്നെ ആവശ്യമില്ലെന്നും വരും. തന്ത്രകാരൻ 'ശാഖാകോഷ്ഠാസ്ഥിസന്ധിഷു." എന്നു് പഠിച്ചതിൻെറ ശേഷം ശിഷ്യനെ ശാഖാദികളെ തിരിച്ചറിയിക്കുവാൻ വേണ്ടി ശാഖാദികളുടെ സമവായികാരണമായ പൃഥിവിയെ പറഞ്ഞാൽ പോരാ എന്നുകരുതി "ശാഖാരക്താദയസ്ത്വക്ച" എന്നുംമററും പഠിച്ചിരിക്കുന്നതും ഇവിടെ സ്മരണീയമാണു്.'

"നനു യദി നിമിത്തകാരണം ദോഷസ്തൽകഥം തദാരബ്ധവികാരെ വമനാദിനാ ദോഷനിർഹരണം വിധീയതെ? നഹി ദണ്ഡകപാലാലൊ ച്ഛേദെഘടൊച്ഛേദ ഇതി ചെദുച്യതെ. യത്രയാവന്നിമിത്തസ്ഥായികാര്യം തത്ര നിമിത്തകാരണനാശാദപി കാര്യനാശഃ. യഥാവത്തിതൈലനാശാദ്ദീപനാശഃ. തഥാഭൂതാശ്ചദോഷാഃ പ്രായശ ഇതി" എന്നിങ്ങനെ വിജയരക്ഷിതാചാര്യൻ മധുകോശഭാഷ്യത്തിൽ പറഞ്ഞിട്ടുള്ളതും ശ്രീ. നമ്പീശൻെറ ആ മതഖണ്ഡനത്തിനു് ശ്രീ. എമ്പ്രാന്തിരിയ്ക്കു് സഹായമായിട്ടുള്ളതാണു്.

ശ്രീ. നമ്പീശൻ 3-ാംവാല്യം 10-ാം ലക്കം സാരഥിയിൽ രണ്ടു സംശയങ്ങളെ എഴുതീട്ടുള്ളവയിൽ വെച്ചൊന്നിൻെറ സമാധാനം 3-ാംവാല്യം 11-ാംലക്കം സാരഥിയിൽ പഞ്ചായത്തു് വൈദ്യൻ വി. കെ. കുഞ്ഞൻ മേനോൻ അവർകളും മറെറ സംശയത്തിൻെറ സമാധാനം 4-ാംവാല്യം 10-ാം ലക്കം സാരഥിയിൽ വൈദ്യൻ പി. രാമൻ മേനോൻ അവർകളും എഴുതിട്ടുള്ളവയെ വായനക്കാരായ വൈദ്യന്മാർ കാണാനിടയുണ്ടായിരുന്നു.

അസ്ഥിസ്രാവവും ശുക്ലസ്രാവവും.

M. Sankaran Nair
(Teacher, Ala Higher Elementary School)

ദീർഘകാലമായി, സാരഥിയുടെ വിലയേറിയ പംക്തികളെ സ്ഥാനത്തും അസ്ഥാനത്തും മുടക്കിക്കൊണ്ടിരിക്കുന്ന വൈദ്യൻ പി. രാമൻമേനോൻ അവർകളുടെ "അസ്ഥിസ്രാവം" "ശുക്ലസ്രാവ"മാണ് എന്ന വാദകോലാഹലം വായിച്ചും കേട്ടും മനസ്സുമടുത്ത്, ഇതിനെപ്പററി സ്വാഭിപ്രായം രണ്ടു വാക്ക് തുറന്നുപ്രസ്താവിക്കാതിരിക്കുന്നതു്, സാരഥിയുടെ ഒരാരാധകനും വായനക്കാരനും എന്ന നിലയിൽ അനുചിതമെന്നുള്ള തോന്നലാണ് ഈ ലേഖനം എഴുതുവാൻ എന്നെ പ്രേരിപ്പിച്ചതു്.

വിഷയത്തിലേക്കു കടക്കുന്നതിനുമുമ്പ് മി. മേനോന്റെ വിമർശനരീതിയേക്കുറിച്ച് രണ്ടുവാക്ക് പറയേണ്ടിയിരിക്കുന്നു. ലേഖനങ്ങൾക്ക് നിരൂപണം ആവശ്യമാണ്; അഭിപ്രായവ്യത്യാസം സാധാരണവുമാണ്. എന്നാൽ അതിലുംവേണ്ടേ അല്പംചില മര്യാദകളൊക്കെ? ഇന്നത്തെ മാനവസംസ്കാരത്തിന്റെ കോടിയിൽനിന്നു് വീക്ഷിക്കുന്നതായാൽ മി. മേനോന്റെ വ്യക്തിവിദ്വേഷജന്യമോ എന്നു തോന്നുമാറുള്ള വാദപ്രതിവാദം തികച്ചും ആക്ഷേപാർഹവും അപഹാസ്യവുംകൂടിയാണ്. അദ്ദേഹം ആവിഷ്കരിക്കുന്ന ശാസ്ത്രീയസത്യമാകുന്ന ചന്ദ്രികയുടെ പ്രഭാപൂരം തന്റെ പ്രതിപാദനരീതിയാകുന്ന കാളമേഘങ്ങളാൽ ആവൃതമായി അസ്തമായിത്തീരുന്നതും, അനുവാചകന്മാൾക്ക് ഒരു ഭയങ്കര കാളരാത്രിയുടെ അനുഭൂതിയുണ്ടായി അറപ്പും വെറുപ്പും ജനിക്കുവാൻ ഇടവരുത്തുകയും ചെയ്യുന്നു എന്നുള്ള പരമാത്ഥം ഒരു പക്ഷേ അദ്ദേഹം അറിയുന്നില്ലായിരിക്കാം. "ഉന്മാദം ബാധിച്ചവൻ",

"ബുദ്ധിഹീനൻ", "പാമരൻ", "ഉന്മത്തപ്രലാപം" ഇത്യാദി പ്രതിയോഗിയുടെ നേരെ അദ്ദേഹം തൊടുക്കുന്ന ക്രൂരസൃകം, ബുദ്ധിക്ക് പരിപകചതയോ വിവേകമോ സിദ്ധിച്ചിട്ടില്ലാത്ത വ്യക്തികളുടെ അന്തർമണ്ഡലങ്ങളെ തുറന്നുകാട്ടുകയല്ലയോ ചെയ്യുന്നതു്?

"വൈദ്യസാരഥി", വൈദ്യവിഷയപ്രതിപാദനയോഗ്യമാത്രമായ ഒരു മാസികയായിരിക്കെ, മി. മേനോൻ വിഷയത്തിൽനിന്നു് വ്യതിചലിച്ചു്, കേവലം സാഹിത്യമാസികകളിൽപോലും കാണാത്തതരത്തിൽ, ലേഖകൻെറ പദഘടനാപരവും വ്യാകരണനിയമാനുബന്ധിയും ആയ നിസ്സാരവിലോപങ്ങളെ പർവ്വതീകരിച്ചു്, ചില പദങ്ങളുടേയും പ്രയോഗങ്ങളുടേയും അടിത്തട്ടുവരെ ആഞ്ഞുചെന്നു് ധാതചത്ഥവും ഉല്പത്തിയും പ്രസ്താവിച്ചു്, സാഹിത്യവ്യവസായം നടത്തുന്നതുകാണുമ്പോൾ, മററുള്ളവരുടെ തെററു് കണ്ടുപിടിക്കലും തൻെറ പാണ്ഡിത്യം വെളിപ്പെടുത്തലും വാദത്തിനുവേണ്ടി വാദിക്കലും, അനാവശ്യമായി ഏടാകൂടം സൃഷ്ടിച്ചു് പത്രസ്ഥലം മുടക്കലുംകൂടി അദ്ദേഹത്തിൻെറ ഉദ്ദേശ്യങ്ങളിൽപ്പെട്ടുമോ എന്നും സംശയിച്ചുപോകുന്നു.

"അസ്ഥി ഒരിക്കലും ഉരുകുന്നതല്ല; ഉരുകാതെ സ്രവിക്കയുമില്ല. അതുകൊണ്ടു് അസ്ഥിസ്രാവമെന്നൊരു രോഗമില്ല" എന്നു് ധീരധീരം പ്രഖ്യാപനംചെയ്യുന്ന അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ, "അസ്ഥിസ്രാവം" എന്നു് ഒരു രോഗത്തിനു നാമകരണം ചെയ്യേണമെങ്കിൽ 'അസ്ഥി' എന്ന ധാതു മാത്രം ഉരുകി മൂത്രദ്വാരത്തുടെ സ്രവിക്കേണമെന്നുണ്ടോ? ആയുർവൈദ്യശാസ്ത്രത്തിലെ 'ധാതുപരിണാമക്രമം' ശ്രദ്ധിച്ചുപഠിച്ചിട്ടുള്ളവരോടു് രസാദിസപ്തധാതുക്കളുടെ പരസ്പരബന്ധം പറഞ്ഞറിയിക്കേണ്ടതായില്ലേ. 'ശുക്ലസ്രാവ'രോഗിയിൽ പ്രത്യക്ഷമായിത്തന്നെ രക്തക്ഷയം കാണാറുണ്ടു്. അവനിൽ ആ രോഗപീഡയാൽ സപ്തധാതുക്കൾക്കും ക്ഷയവും വിശിഷ്യ,

അസ്ഥിയുടെ സുപ്രധാനഘടകവും അതിൻെറ ആരോഗ്യപരമായ വളർച്ചയ്ക്കു് അത്യന്താപേക്ഷിതവുമായ 'കമ്മായ'ത്തിൻെറ കുറവും (Calcium Deficiency Condition) കണ്ടു വരുന്നു എന്ന പരമാർത്ഥം പാശ്ചാത്യവൈദ്യശാസ്ത്രവിശാരദന്മാർ നിരീക്ഷണപരീക്ഷണങ്ങൾ മൂലം തെളിയിച്ചുകഴിഞ്ഞിട്ടുണ്ടു്. 'അസ്ഥിസ്രാവം' എന്നു് ഇവിടെ പറയുമ്പോൾ അമ്ലം (Acid) മുതലായ ദ്രവ്യസംയോഗത്താലോ അഗ്നിസംയോഗത്താലോ, അസ്ഥിയിലെ സൌമ്യാംശം നശിക്കുന്നതുപോലെ, വിരുദ്ധാഹാരവിഹാരങ്ങൾകൊണ്ടു് അസ്ഥിസ്രാവത്തെ ജനിപ്പിക്കത്തക്ക ഒരു സമ്പ്രാപ്തിയിലേക്കു് ശരീരത്തിൽ അനുകൂലാവസ്ഥ ഉണ്ടാകുമ്പോൾ ഇതരധാതുക്കളോടൊപ്പം അസ്ഥിയുടെ അംശവും സ്രവിക്കുകയും ഏതന്മൂലം ആ രോഗത്തിന്നു് 'അസ്ഥിസ്രാവ'മെന്ന അഭിധാനം സിദ്ധിക്കുവാൻ കാരണമായി എന്നും മി. മേനോൻ ധരിക്കേണ്ടതാണു്. അദ്ദേഹം, 'ശുക്ലസ്രാവം' എന്നു പറയുന്ന രോഗം ബാധിച്ചവൻെറ 'സ്രാവം' പരിശോധിക്കുന്നതായാൽ അതിൽ 'ശുക്ലധാതു'വല്ലാതെ വേറെ ധാത്വംശങ്ങളുടെ കലർപ്പൊന്നും തന്നെ ഉണ്ടാകില്ലെന്നു വാദിക്കുവാൻ ഒരുക്കമുണ്ടോ? ഇങ്ങിനെ നോക്കുമ്പോൾ 'അസ്ഥിസ്രാവമെന്നും 'ശുക്ലസ്രാവ'മെന്നും പറയുന്ന രോഗം, സാമാന്യമായി ഒന്നാണെന്നും അസ്ഥിസ്രാവമെന്നു് ആ രോഗത്തിന്നു് പേരു പറയുവാൻ പാടില്ലെന്നും "ശുക്ലസ്രാവ"മെന്നുതന്നെപറയണമെന്നും ശഠിക്കുന്നതു് അനാവശ്യമായി വാദിച്ചു് പത്രസ്ഥലം മുടക്കുവാനല്ലാതെ ശാസ്ത്രസത്യങ്ങളുടെ പ്രകാശനത്തിന്നു് സമർത്ഥങ്ങളായിത്തീരുകയില്ലെന്നും അദ്ദേഹം മനസ്സിലാക്കിയാൽകൊള്ളാം'

"അസ്ഥി ഒരിക്കലും ഉരുകുന്നതല്ല" എന്നുപറയുന്ന മി. മേനോൻ അസ്ഥിയിൽ ഏതെല്ലാം ഘടകങ്ങളാണു് അടങ്ങിയിരിക്കുന്നതെന്നും ഇവയിൽ ഒന്നിനും ഒന്നുകൊണ്ടും യാതൊരുമാററവും വരികയില്ലേ എന്നും രസതന്ത്രശാസ്ത്രദൃഷ്ട്യാ

പരിശോധിച്ചിട്ടുണ്ടോ? നാം ആഹരിക്കുന്ന പദാൎത്ഥങ്ങളിൽ പലതിലും ആമാശയരസത്തിൽ അടങ്ങിയിരിക്കുന്ന ഒരു പ്രധാന ഘടകമായ Hydrochloric acid [സൈസന്ധവാമ്ലം] അടങ്ങിയിരിക്കുന്നു. ചെറുനാരങ്ങാനീരിൽ ഗണ്യമായവിഭാഗം ഈ ആസിഡ് ആണു്. കുറെ കവടിക്കഷ്ണങ്ങൾ ചെറുനാരങ്ങാനീരിൽ ഇട്ടു് കുറേനേരം വെച്ചിരുന്നാൽ, 'കവിടി' ഉരുകി ആ നീരിൽ ലയിക്കുന്നതു കാണാം. കവിടിയിലെ സുപ്രധാനഘടകമായ ചുണ്ണാമ്പു് (Calcium) അമ്ലദ്രവ്യസംയോഗത്താൽ ഉരുകിപ്പോകുമെന്നും ഇതുപോലെ അസ്ഥിയുടെകാൽസ്യം എന്ന പദാൎത്ഥവും ഉരുകിസ്രവിക്കുക സംഭാവ്യമാണു് എന്നും ഇതുകൊണ്ടു് വിശദമായല്ലോ. വേറേയും പല ഉദാഹരണങ്ങൾ പറയുവാനുണ്ടെങ്കിലും ലേഖനദൈൎഘ്യത്തെ ഭയന്നു് അതിന്നു തുനിയുന്നില്ല.

"മഹൎഷിമാർ പറഞ്ഞിട്ടുള്ള രോഗങ്ങളല്ലാതെ പുതിയ പുതിയ രോഗങ്ങൾ ഒരു കാലത്തും ഉണ്ടാവാൻ സംഗതിയില്ലെന്നു് ഞാൻ യുക്തിയുക്തമായി പ്രസ്താവിച്ചിരുന്നിട്ടും പുതിയ പുതിയ രോഗങ്ങൾ ഉണ്ടാകുമെന്നുപറയുന്ന മി. വാൎദ്ദ്രോടിന്നിയൊന്നും പറഞ്ഞിട്ടാവശ്യമുണ്ടെന്നു തോന്നുന്നില്ല" എന്നു് അഭിമാനപൂൎവ്വം പറയുന്ന മി. മേനോന്റെ വാദത്തിനു്, സകല രോഗങ്ങളുടേയും കാരണം ത്രിദോഷങ്ങളാകയാൽ ത്രിദോഷങ്ങൾക്കു വൃദ്ധിയോ ക്ഷയമോ സംഭവിക്കാതെ ഒരു രോഗവും ഒരു കാലത്തും ഉണ്ടാവുകയില്ല. ഇതു് മഹൎഷിമാർ പറഞ്ഞിട്ടുണ്ടു് എന്നു പറയുന്നതിൽ ക്രൂട്ടതലായി കാമ്പുണ്ടെന്നുതോന്നുന്നില്ല. ഇതു വായിച്ചപ്പോൾ എനിക്കു "ആൎയ്യവൈദ്യഗ്രന്ഥങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതിൽ കവിഞ്ഞു് വൈദ്യശാസ്ത്രങ്ങളിൽ ഒന്നും ഉണ്ടാകുവാനും കണ്ടുപിടിക്കാനുമില്ലെ"ന്നുള്ള ഒരു വൈദ്യശാസ്ത്രിയുടെ പ്രലപനമാണു് ഓൎമ്മയിൽ വന്നതു്. ആൎയ്യവൈദ്യത്തിന്റേയും ആയുൎവേദവൈദ്യന്മാരുടേയും സൎവ്വതോൻമുഖമായ അഭിവൃദ്ധിക്കു് ഒരു പ്രധാന വിലങ്ങുതടിയായി നില്ക്കുന്നതു് ഇത്തരം

ഹ്രസ്വമനോഭാവവും, സങ്കചിതവും തൊഴത്തിൽകത്തുണ്ടാക്കുന്നതുമായ വിമർശനരീതിയുമാണെന്നു് മി. മേനോൻ അറിഞ്ഞിരിക്കേണ്ടതാണു്.

"ആരോഗ്യം മെല്ലറഞ്ഞതിന്നു് പ്രഥമവും പ്രധാനവുമായ ഒരു കാര്യമാണു്" എന്നു് അദ്ദേഹം എഴുതിയിട്ടുള്ളതിലെ പ്രഥമവും പ്രധാനവും എന്നുള്ള രണ്ടുവാക്കുകളുംകൂടി അവിടെ ആവശ്യമില്ലെന്നു് അദ്ദേഹം ധരിയ്ക്കേണ്ടതാണു്. 'കാര്യമാണു്' എന്നതിക്കിൽ 'കാരണമാണു്', എന്നാണെഴുതേണ്ടതെന്നു് അദ്ദേഹം ധരിയ്ക്കാഞ്ഞതു് കാര്യകാരണങ്ങളെ തിരിച്ചറിയാനുള്ള ബുദ്ധിയില്ലായ്കകൊണ്ടാണെന്നു് പറയേണ്ടതില്ലല്ലോ"—മി. മേനവൻെറ മനംപിരട്ടുന്ന നിരൂപണരീതി കാണിക്കവാൻവേണ്ടി ഇത്രയും ഇവിടെ ഉരിച്ചതാണു്. ഏതായാലും മററുള്ളവരെ "ബുദ്ധിഹീനൻ", "പാമരൻ", "ഉന്മത്തൻ" എന്നെല്ലാം നിർല്ലജ്ജം തെറിപറയുന്ന അദ്ദേഹം താഴെപറയുന്ന ചോദ്യങ്ങൾക്കു സമാധാനം പറയേണ്ടിയിരിക്കുന്നു. [1] അദ്ദേഹം വിവക്ഷിക്കുന്ന ബുദ്ധിയുടേയും പാണ്ഡിത്യത്തിൻേറയും അഥവാ ബുദ്ധിമാൻേറയും പണ്ഡിതൻേറയും മാനദണ്ഡം എന്താണു? [2] ലോകത്തിലെ സകലവിഷയങ്ങളിലും സർവ്വങ്കഷവും ആരാലും ചോദ്യം ചെയ്യാൻ പാടില്ലാത്തതുമായ ജ്ഞാനലബ്ധിയുള്ള മനുഷ്യർ ആരെങ്കിലുമുണ്ടോ? [3] മനുഷ്യൻ ഭൂജാതനായമുതൽ വിശ്വമാകുന്ന മഹാവിദ്യാലയത്തിൽനിന്നു് അനുദിനം സമ്പാദിച്ചുകൊണ്ടിരിക്കുന്ന ജ്ഞാനം അവൻെറ അന്ത്യത്തോടുകൂടി അപൂർണ്ണമായി അവസാനിക്കുകയല്ലാതെ പൂർണ്ണത്വം ലോകജീവിതത്തിൽ കൈവരുന്നുണ്ടോ? [4] പണ്ഡിതനെന്നുതന്നെ സമ്മതിക്കാവുന്ന അദ്ദേഹത്തിന്നു് തൻെറ ദൃഷ്ടിയിൽ പാമരന്മാരെന്നു തോന്നുന്ന വ്യക്തികളിൽനിന്നു് ഒന്നും ഒരു വിഷയത്തിലും മനസ്സിലാകുവാനില്ലെന്നു വിശ്വാസമുണ്ടോ? [5) യാതൊരുതരത്തിലുള്ള വാസനാവിശേഷങ്ങളോ ബുദ്ധിശക്തിയോ ഇല്ലാത്ത ഒരു വ്യക്തി മനുഷ്യസൃഷ്ടിയിൽ ആരെങ്കിലും

ഉണ്ടെന്നു നിങ്ങൾ വിശ്വസിക്കുന്നുണ്ടോ? (6) പണ്ഡിതനായ നിങ്ങൾക്കു തെററുപററുകയില്ലെന്നും പററിയിട്ടില്ലെന്നും നിങ്ങളുടെ ജ്ഞാനം ആയുൎവ്വൈദ്യശാസ്ത്രത്തെ സംബന്ധിച്ചിടത്തോളമെങ്കിലും പൂൎണ്ണമാണെന്നും നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?

മഹാവിഷ്ണുവിൻെറ മനുഷ്യാവതാരത്തിൽ 'ചുണങ്ങു'' എന്നൊരുദീനം അദ്ദേഹത്തെ ബാധിച്ചിരുന്നതായി പുരാണങ്ങളിൽ പ്രതിപാദിച്ചുകാണുന്നുണ്ടു്. ഇതിൽനിന്നു് മനുഷ്യനായി ജനിച്ചാൽ ഏതെങ്കിലും രോഗബാധിതനാവാതെ ആയുഷ്കാലം കഴിച്ചുകൂട്ടുവാൻ സാദ്ധ്യമല്ലെന്നു തെളിയുന്നു. എന്നാൽ ഇതു രോഗങ്ങളുടെ കാൎയ്യത്തിൽ മാത്രമല്ല, മറെറല്ലാസംഗതികളിലും മനുഷ്യൻെറ അപൂൎണ്ണതയാണു് വെളിപ്പെടുത്തുന്നതു്. ഇങ്ങിനെ ചിന്തിക്കുമ്പോൾ മി. മേനോന്റെ വിമൎശനരീതി തികച്ചും അഭിലഷണീയമാണെന്നും അദ്ദേഹം ബുദ്ധിയില്ലാത്തവൻ എന്നുപറഞ്ഞതുകൊണ്ടോ പാമരൻ എന്നുവിളിച്ചതുകൊണ്ടോ മി. വാൎയ്യർക്കോ മററു വൈദ്യസാരഥി ലേഖകന്മാൎക്കോ സ്വതഃസിദ്ധവും അഭ്യസ്തവുമായ ബുദ്ധിശക്തിക്കോ പാണ്ഡിത്യത്തിന്നോ വല്ലകുറവും പററിയിട്ടുണ്ടെന്നു് വായനക്കാൎക്കു് ഇതുവരെ തോന്നിയിട്ടില്ലെന്നു്, പ്രത്യുത: മേനോൻെറ നിസ്സാരതയേയും ചാപല്യത്തേയുംപററി വായനക്കാൎക്കു് അനുകമ്പതോന്നിപ്പോകുന്നതേയുള്ളു എന്നും മി. മേനോൻ ധരിക്കുന്നതു് മററുള്ളവൎക്കു് ഉപകാരപ്രദമായിരിക്കും. ഏതെങ്കിലും വിഷയത്തിൽ അദ്ദേഹവുമായി അഭിപ്രായവ്യത്യാസത്തിന്നിടവരികയോ വാദപ്രതിവാദത്തിൽ ഏൎപ്പെടുകയോ ചെയ്യുന്ന ഏവരേയും മി. മേനോൻ ഇങ്ങിനെ "ബുദ്ധിശൂന്യൻ," 'പാമരൻ' എന്നെല്ലാം അപലപിക്കുക സാധാരണമാണെന്നു് സാരഥിവായനക്കാരെ അറിയിക്കേണ്ടആവശ്യമില്ലല്ലോ. ഈ തെററു് അദ്ദേഹം തിരുത്തേണ്ടതു് സാരഥിയുടെ നിലനില്പിന്നും കൃത്യനിൎവ്വഹണത്തിന്നും തന്നെ ഒഴിച്ചുകൂടാവുന്നതല്ലെന്നുള്ള പരമാൎത്ഥം അദ്ദേഹം മനസ്സിലാക്കേണ്ടകാലം അതിക്രമിച്ചിരിക്കുന്നു.

പൂജ്യപാദരായ സാരഥിപത്രാധിപർ 12-ാംവാല്യം 4-ാം ലക്കത്തിലെ സംപാദകീയപംക്തിയിൽ ചൂണ്ടിക്കാണിച്ചപോലെ, ശാസ്ത്രസീമകളെ അതിലംഘിച്ചും ലേഖകനെ വിഷയമാക്കിയുംകൊണ്ടുള്ള വിമർശനത്തിനു മേലാലെങ്കിലും സാരഥിയിൽ സ്ഥലമനുവദിച്ചുകാണാതിരിക്കുവാൻ സംഗതി വരുത്തണേ എന്നു് വിനീതമായ ഒരഭ്യർത്ഥനയുണ്ട്. പ്രസ്തുത വാദവിഷയത്തെപ്പററി മാന്യപത്രാധിപർതന്നെ ഒരു മദ്ധ്യസ്ഥലേഖനം എഴുതി രണ്ടു കൂട്ടരുടേയും വാദഗതിക്കു് ഒരു പൂർണ്ണവിരാമമിട്ടു്, ഇപ്പോൾതന്നെ വായനക്കാർക്കു് അരോചകമായിത്തീർന്നിരിക്കുന്ന ഈ "അസ്ഥിസ്രാവം" "മററുള്ള വർഗ്ഗം പകരാതെ" മററുപല വിലയേറിയ ശാസ്ത്രീയ ചർച്ചകൾക്കും ഉപകരിയ്ക്കേണ്ട സാരഥിയുടെ പരിമിതമായ പത്രസ്ഥലം പാഴാക്കുവാൻ ഇടവരുത്തേ എന്ന പ്രാർത്ഥനയോടുകൂടി ഈ ലേഖനം സമാപിച്ചുകൊള്ളുന്നു.

ശീതപിത്തത്തെക്കുറിച്ച്.

(വൈദ്യൻ, പി. രാമൻമേനോൻ പൊയ്യ.)

12-ാംവാല്യം 7-ാംലക്കം വൈദ്യസാരഥിയിൽ "ശീതപിത്തം" എന്നതലക്കെട്ടിൽ ഒരാൾ എഴുതിയിരുന്ന ലേഖനം കണ്ടു. ആ ലേഖകൻ അതെഴുതിയതാരാണെന്നു് മനസ്സിലാവരുതെന്നു് കരുതി തൻെറ പേരിനെ സാധാരണ വായിക്കും പ്രകാരം വായിച്ചാൽ മനസ്സിലാവാത്തവിധത്തിലാണു് എഴുതിയിരിക്കുന്നതു്. എന്നാൽ പ്രതിലോമമായി വായിച്ചാൽ അതെഴുതിയതു് ഇന്നാളാണെന്നും നിഷ്പ്രയാസം മനസ്സിലാവുന്നതാണു്. നേരിട്ടു് വാദിക്കുമ്പോൾ പലപ്പോഴും പരാജയം പററിയിട്ടുള്ളതുകൊണ്ടാണു് ഇപ്പോൾ തൻെറപേരിനെ അസാധാരണമായവിധത്തിൽ എഴുതിയിരിക്കുന്നതെന്നാണു്

ഞാൻ വിചാരിക്കുന്നതു്. വാദരീതിനോക്കിയാലും അബദ്ധബാഹുല്യം നോക്കിയാലും അതെഴുതിയ ആളെ മനസ്സിലാക്കാവുന്നതാണു്.

ഞാൻ 11-ാംവാല്യം 12-ാംലക്കം സാരഥിയിൽ ചികിത്സാക്രമകാരൻ ശീതപിത്തമെന്നു് പറഞ്ഞിരിക്കുന്ന രോഗം കോഠമാണെന്നു പറഞ്ഞതു് ശരിയല്ലെന്നാണു് ആ ലേഖകന്റെ അഭിപ്രായം. "ശീതപിത്തവും കോഠവും പ്രത്യേക രോഗങ്ങൾ തന്നെയാണു്. ലക്ഷണസാദൃശ്യത്തെമാത്രം അടിസ്ഥാനപ്പെടുത്തി രോഗവിഭജനം ചെയ്യുവാൻ നിവൃത്തിയില്ലെന്നുമാത്രമല്ല അങ്ങിനെ ചെയ്യുവാൻ ആചാര്യന്മാർ നിർദ്ദേശിച്ചിട്ടുമില്ല. എല്ലാ രോഗംങ്ങൾക്കും വാതപിത്തകഫങ്ങൾ തന്നെയാണു് മൂലം എങ്കിലും "ദോഷധാതുമലസംസർഗ്ഗാദായതനവിശേഷാന്നിമിത്തതശ്ചൈഷാം വികല്പാഭവന്തി" എന്നുള്ള സുശ്രുതവചനം രോഗഭേദഗണനയെപ്പററി പ്രതിപാദിച്ചുകാണുന്നുണ്ടു്. ഇതുവെച്ചുകൊണ്ടു് നോക്കുമ്പോൾ കേവലം ലക്ഷണസാധർമ്മ്യംകൊണ്ടോ ചികിത്സാസാധർമ്മ്യംകൊണ്ടോ രണ്ടുരോഗങ്ങൾ ഒന്നാണെന്നുപറയുവാൻ ന്യായം കാണുന്നില്ല. അങ്ങിനെ പറയാമായിരുന്നെങ്കിൽ കോഠത്തെതന്നെ കുഷ്ഠരോഗത്തിലും രക്താതിസാരം, അസൃഗ്ദരം മുതലായവയെ രക്തപിത്തത്തിലും പെടുത്താമായിരുന്നല്ലോ" എന്നും ആ ലേഖകൻ പറഞ്ഞിട്ടുണ്ടു്.

ആ ലേഖകൻ സുശ്രുതത്തിൽനിന്നും ഉദ്ധരിച്ചതായ ആ വാക്യത്തിലെ "ആയതനവിശേഷാൽ" എന്നതിന്റെ ശേഷം "നിമിത്തതശ്ച" എന്നെഴുതിയിട്ടുള്ളതു് ആയതനശബ്ദത്തിന്റെയും നിമിത്തശബ്ദത്തിന്റെയും അൎത്ഥമൊന്നാണെന്നു് മനസ്സിലാവായ്കകൊണ്ടുതന്നെയാണു്. കോഠം ക്ഷുദ്രരോഗമാകയാൽ ചികിത്സിച്ചാൽ അതു് വേഗത്തിൽശമിക്കും. കുഷ്ഠം അപ്രകാരമല്ല എന്നു കരുതിയാണു് വാഗ്ഭടാചാൎയ്യർ കോഠത്തെ കുഷ്ഠങ്ങളിൽ ഉൾപ്പെടുത്താഞ്ഞതെന്നാണു് വിചാരിക്കേണ്ടതു്. രക്താതിസാരത്തെ രക്തപിത്തത്തിലുൾപ്പെടുത്താഞ്ഞതു് ചികിത്സാസാമ്യമില്ലായ്കകൊണ്ടാണു്.

അതിസാരത്തിന്ന് പ്രായേണ ലംഘനം ആവശ്യമാണ്. രക്തപിത്തത്തിന്ന അത്ഹിതമല്ലതാനും. അസൃഗ്ദരത്തെ രക്തപിത്തത്തിലാണ് സംഗ്രഹാഷ്ടാംഗഹൃദയകാരന്മാരുൾപ്പെടുത്തിയിട്ടുള്ളതെന്ന് അസൃഗ്ദരത്തെ വേറെ പറയാഞ്ഞതുകൊണ്ട് മനസ്സിലാക്കാവുന്നതാണ്. "യോനിമാർഗ്ഗപ്രവൃത്തം തു രക്തപിത്തമസൃഗ്ദരം. വിജാനീയാച്ചികിത്സാസ്യരക്തപിത്തഹരാഹിതാ" എന്ന് തന്ത്രാന്തരത്തിൽ പറഞ്ഞുകാണുന്നതുമുണ്ട്.

"ലക്ഷണസാധർമ്മ്യംകൊണ്ടോ ചികിത്സാസാധർമ്മ്യംകൊണ്ടോ" എന്ന് ആ ലേഖകൻ എഴുതിയിട്ടുള്ളത് സാധർമ്മ്യശബ്ദത്തിന സാമ്യാർത്ഥകത്വമുണ്ടെന്ന വിചാരിച്ചായിരിക്കാം. പക്ഷേ സാധർമ്മ്യശബ്ദത്തിന്ന് സാമ്യാർത്ഥകത്വമില്ല സാമാനധർമ്മാർത്ഥകത്വമാണുള്ളതെന്ന് താർക്കികന്മാക്കറിയാം. മുക്താവലിയിൽ സാധർമ്മ്യശബ്ദത്തിൻെറ അർത്ഥം താഴെപറയുംപ്രകാരമാണ് പറഞ്ഞിരിക്കുന്നത്. "സാമാനോധർമ്മോയേഷാംതെ സധർമ്മാണസ്തേഷാം ഭാവസ്സാധർമ്മ്യം സമാനോധർമ്മ ഇതി ഫലിതാർത്ഥഃ" ഇപ്രകാരം മുക്താവലിയിൽ പറഞ്ഞിട്ടുള്ളതു കണ്ടിട്ടുള്ളവർ സാമ്യാർത്ഥലാഭത്തിനവേണ്ടി സാധർമ്മ്യശബ്ദം പ്രയോഗിക്കുന്നതല്ല.

"ശീതപിത്തം എന്ന പേരിനെപ്പററി ആക്ഷേപമുള്ളവർ ഉഷ്ണവാതം എന്ന ശ്രീ. വാഗ്ഭടൻ പറഞ്ഞിരിക്കുന്നതിനേപ്പററി എന്തു പറയുമോ ആവോ? എന്നും ആ ലേഖകൻ പറഞ്ഞിട്ടുണ്ട്. പക്ഷേ പിത്തം ഒരുവിധത്തിലും ശീതമാകുന്നതല്ല. അതുകൊണ്ട് ശീതപിത്തം എന്നപേരിനേ സാധുത്വമാണന്ന വിചാരിപ്പാൻ നിവൃത്തിയില്ല. വാതത്തിന യോഗവാഹിത്വമുള്ളതുകൊണ്ട് പിത്തസഹിതമാകയാൽ വാതത്തിന് ഔഷ്ണ്യം സംഭവിപ്പാനിടയുണ്ടല്ലോ. അതുകൊണ്ട് ഉഷ്ണവാതമെന്നപേരിന് സ്വാരസ്യാർത്ഥതയില്ലന്ന വിചാരിക്കാവുന്നതല്ല. ഉഷ്ണവാതമെന്നരോഗത്തെ പിത്തവും വാതവും കൂടി ഉണ്ടാകുന്നതാകയാൽ പിത്തസംസർഗ്ഗംനിമിത്തം

വാതം ഉല്ക്ഷമാകുന്നതുകൊണ്ടു തന്നെയാണ് അതിന് ഉല്ക്ഷ വാതമെന്ന് നാമകരണം ചെയ്തതെന്ന് ആലേഖകൻ ധരിച്ചുകൊള്ളട്ടെ.

"ഇനി ശീതപിത്തത്തെയും കോഠത്തെയും ഒന്നു താരതമ്യപ്പെടുത്തിനോക്കാം" എന്ന് ആ ലേഖകൻ പറഞ്ഞിട്ടുള്ളതു് താരതമ്യശബ്ദത്തിന് സാമ്യാൎത്ഥകത്വമുണ്ടെന്നുള്ള തെററിദ്ധാരണകൊണ്ടുതന്നെയാണ്. പക്ഷേ "താരതമ്യപരികല്പനയാച" എന്നും "ഷഡംശതാരതമ്യവികല്പനാൽ" എന്നുംമററുമുള്ള പ്രയോഗങ്ങളിലെ താരതമ്യശബ്ദത്തിൻെറ അൎത്ഥം ശരിയായ വിധം ധരിച്ചിട്ടുണ്ടായിരുന്നു എങ്കിൽ ആ ലേഖകന് അങ്ങിനെയുള്ള തെററിദ്ധാരണയ്ക്കിടവരാൻ സംഗതിയില്ലാത്തതാണ്.

ആ ലേഖകൻ ശീതപിത്തവും കോഠവും ഒന്നല്ലെന്ന് തെളിയിക്കുവാൻ ഉദ്ധരിച്ചതായ ആരോഗ്യകല്പദ്രുമത്തിലെ "കുരുതഃ കുപിതൗ പിത്തകഫൗ വൃത്താകൃതീൻ ബഹൂൻ കോഠാൻ രക്താംശ്ചകണ്ഡൂലാൻ ശീതപിത്തം വദന്തിതാൻ" എന്നുള്ള പദ്യം നോക്കിയാൽ കോഠംതന്നെയാണ് ശീതപിത്തമെന്ന് തെളിയുന്നതാണ്. "കുപിതൌ പിത്തകഫൗ വൃത്താകൃതീൻ രക്താൻ കണ്ഡൂലാൻ ബഹൂൻ കോഠാൻ കുരുതഃ. താൻശീതപിത്തം വദന്തി" എന്നാണല്ലോ ആ പദ്യത്തിലെ പദങ്ങളുടെ അന്വയം. ആ അന്വയം നോക്കിയാൽ കോഠം തന്നെയാണ് ശീതപിത്തമെന്ന് പാണ്ഡിത്യം കുറഞ്ഞവൎക്കുംകൂടി മനസ്സിലാക്കാവുന്നതാണ്. തൻെറ അഭിപ്രായത്തെ തെളിയിക്കുവാൻവേണ്ടി ഉദ്ധരിച്ചതായ പ്രമാണം വിപരീതമായ അഭിപ്രായത്തെയാണ് തെളിയിക്കുന്നതെന്ന് ആലേഖകന് മനസ്സിലാവാഞ്ഞതു് ബുദ്ധിഹീനതകൊണ്ടാണെന്നു് പറയേണ്ടതില്ലല്ലോ.

കോഠശീതപിത്തങ്ങൾക്കു് ലക്ഷണസാമ്യമുണ്ടെങ്കിലും ശീതപിത്തകരങ്ങളായ കഫപിത്തങ്ങൾ കോപിയ്ക്കുന്നതിന്

നിയതകാരണങ്ങളൊന്നും ഇല്ല. കോഠകരങ്ങളായ കഫപിത്തങ്ങൾ കോപിയ്ക്കുന്നതിന്നു് നിയതകാരണങ്ങളുണ്ടു്. അതുകൊണ്ടു് കോഠശീതപിത്തങ്ങൾ ഒന്നാണെന്നു് പറയാവുന്നതല്ല എന്നാണല്ലോ ആ ലേഖകന്റെ അഭിപ്രായം. അതു ശരിയല്ല. കോഠശീതപിത്തങ്ങളുടെ ലക്ഷണങ്ങൾക്കു് വ്യത്യാസമില്ലെങ്കിൽ അവയെ ഉണ്ടാക്കുന്ന കഫപിത്തങ്ങളുടെ കോപകാരണങ്ങൾക്കും വ്യത്യാസമുണ്ടാകുന്നതല്ലെന്നുള്ളതിലേയ്ക്കു് ഉൽകോഠകോഠകങ്ങളെത്തന്നെ ഉദാഹരിയ്ക്കാവുന്നതാണു്. ഉൽകോഠകോഠങ്ങളുടെലക്ഷണങ്ങൾക്കു് വ്യത്യാസമില്ല. അവയെ ഉണ്ടാക്കുന്ന കഫപിത്തങ്ങളുടെ കോപകാരണങ്ങൾക്കും വ്യത്യാസമില്ലല്ലോ. കോഠത്തെ തൽക്കാരണങ്ങളായ ദോഷങ്ങളുടെ കോപകാരണങ്ങളോടുകൂടി പറഞ്ഞിട്ടുള്ള സംഗ്രഹാഷ്ടാംഗഹൃദയകാരന്മാർ ശീതപിത്തത്തെ പറയാഞ്ഞതു് അസമ്യഗ്വമനോദീർണ്ണപിത്തശ്ലേഷ്മാന്നനിഗ്രഹങ്ങളെക്കൊണ്ടല്ലാതെ സർവ്വരോഗനിദാനോക്ത കഫപിത്തകോപനങ്ങളെക്കൊണ്ടു കുപിതങ്ങളായ കഫപിത്തങ്ങളെക്കൊണ്ടു് കോഠലക്ഷണയുക്തമായിട്ടു് ശീതപിത്തമെന്നൊരു രോഗം ഒരിക്കലും ഉണ്ടാകുന്നതല്ലെന്നുള്ള ബോദ്ധ്യംകൊണ്ടാണെന്നു് ബുദ്ധിമാന്മാർക്കറിയാം. എന്നാൽ ഉൽകോഠവും കോഠവും അസമ്യഗ്വമനോദീർണ്ണപിത്തശ്ലേഷ്മാന്നനിഗ്രഹകുപിതകഫപിത്തങ്ങളെക്കൊണ്ടാണുണ്ടാകുന്നതെന്നും അവയുടെ ലക്ഷണങ്ങൾക്കു് വ്യത്യാസമില്ലെന്നും പറഞ്ഞിട്ടുള്ളസ്ഥിതിയ്ക്കു് അവ രണ്ടു രോഗങ്ങളാണെന്നു കല്പിയ്ക്കുവാനും ചികിത്സകൾ വെവ്വേറെ വിധിയ്ക്കുവാനും സംഗതിയില്ലല്ലോ എന്നൊരു സംശയം ഇവിടെ തോന്നാനിടയുണ്ടു്. പക്ഷേ ഉൽകോഠാവസ്ഥയിൽ കഫപിത്തഹരങ്ങളായ ചികിത്സകൾകൊണ്ടു് (ഹേതുവിപര്യ്യയചികിത്സകൊണ്ടു്] ശമിക്കുന്നതായ ആ രോഗത്തെ അപ്പോൾ ചികിത്സിച്ചു് ശമിപ്പിയ്ക്കാതെ ഇരുന്നാൽ അതു് അനുബദ്ധമാകും [വിട്ടുപോവാതെ സ്ഥിരമായിനിൽക്കും) അപ്പോൾ കോഠസംജ്ഞമായ അതു് ഹേതുവിപര്യ്യയചികിത്സകൊണ്ടു ശമിക്കുന്നതല്ല. അതുകൊണ്ടാണു് അതിന്നു കുഷ്ഠചികിത്സചെയ്യണമെന്നു് പറഞ്ഞതെന്നു് ധരിച്ചാൽ ആ സംശയം തീരുന്നതാണു്.

"ഉൽകോഠവും കോഠവും ഒരേകാരണലക്ഷണങ്ങളോടുകൂടിയതാണെങ്കിലും ആചാൎയ്യൻ അവകളെ പ്രത്യേകം നിൎദ്ദേശിച്ചിരിക്കുന്നതു നോക്കുക. അതിനുള്ള കാരണം കോഠത്തിൽ ദോഷങ്ങൾക്ക് സ്ഥായിത്വം ഉള്ളതുകൊണ്ട് അവിടെ ഉൽകോഠത്തിലെപ്പോലെ ദോഷവിപരീതചികിത്സാപേക്ഷയാൽ വ്യാധിവിപരീതംതന്നെ ആവശ്യമാണ്. അതാണ് "ഉൽകോഠകഫപിത്തോക്തം കോഠെ സൎവ്വഞ്ച കുഷ്ഠികം" എന്ന് വിധിയ്ക്കുവാൻ ഇടയായതു്" എന്നും ആ ലേഖകൻ പറഞ്ഞിട്ടുണ്ട്. എന്നാൽ ആ ലേഖകൻ പറഞ്ഞിട്ടുള്ള ന്യായപ്രകാരം ഉൽകോഠത്തിൽ ദോഷങ്ങൾക്ക് സ്ഥായിത്വമില്ലാത്തതുകൊണ്ട് അതിന് ദോഷവിപരീതചികിത്സ ചെയ്യേണ്ടതായ ആവശ്യമില്ലെന്നും കോഠത്തിൽ ദോഷങ്ങൾക്ക് സ്ഥായിത്വമുള്ളതുകൊണ്ട് അതിന് ദോഷവിപരീതചികിത്സയാണ് ചെയ്യേണ്ടതെന്നുമാണെല്ലോ വരുന്നതു്. അതിനെ ആലോചിയ്ക്കാതെ ഉൽകോഠത്തിന് ദോഷവിപരീതചികിത്സയാണു ചെയ്യേണ്ടതെന്നും കോഠത്തിനു ദോഷവിപരീതചികിത്സയല്ല ചെയ്യേണ്ടതെന്നും അഭിപ്രായപ്പെട്ടിട്ടുള്ള ആ ലേഖകൻ ഉന്മത്താഗ്രഗണ്യനാണെന്ന് ഞാൻ പറയാതെതന്നെ പണ്ഡിതന്മാൎക്കു മനസ്സിലാവുന്നതാണെല്ലോ.

"ശീതപിത്തവും കോഠവും ഒരുകുഡുംബത്തിൽ പെട്ടവരാണെന്ന് പറയാമെന്നല്ലാതെ ആ രണ്ടുവ്യക്തികളും ഒന്നാണന്ന് പറയുവാൻ പാടില്ല" എന്ന് പറഞ്ഞിരിക്കുന്ന ആ ലേഖകൻെറ അഭിപ്രായം ഒരു കുഡുംബത്തിൽപ്പെട്ടവരൊക്കെ ഒരുപോലെ ഇരിക്കുന്നവരായിരിയ്ക്കുമെന്നാണല്ലോ. ഒരു കുഡുംബത്തിലെങ്കിലും ഉള്ളവരെ ഒരുപോലെ കാണുന്നില്ലെന്നുള്ള സംഗതി ജനങ്ങൾക്കൊക്കെ ബോദ്ധ്യമുള്ളതുകൊണ്ട് ആ പറഞ്ഞിട്ടുള്ളതും ഉന്മത്തപ്രലാപം തന്നെയാണന്ന് പറയേണ്ടതില്ലല്ലോ.

വിരോധിവചസോ മൂകാൻ വാഗീശാനപി കുൎവ്വതെ
ജഡാനപ്യനുലോമാൎത്ഥാൻ പ്രവാചഃ കൃതിനാംഗിരഃ

വിഷയവിവരം.

VAIDYA SARATHY.

Regd. No. M. 3579 & T. 102. *March 1948.*

Printed and Published by C. G. Govinda Pillay at the Vaidya Sarathy Press, Kottayam.